(ബി) പുതിയ മന്ത്രിസഭ ഈ ഉത്തരവ് റദ്ദാക്കിയോ;

(സി) ഈ തസ്തികകളും വീണ്ടും സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇവയിലേയ്ക്ക് പുനർ നിയമനം നടത്തിയിട്ടുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) സേവിംഗ്സ് ഓഫീസറൻമാർക്കുവേണ്ടിയുള്ള ചെലവിന്റെ ഒരു പങ്കും കേന്ദ്രഗവൺമെന്റ് വഹിക്കുകയില്ല എന്നറിയിച്ചു. പ്രത്യേകം ഉദ്യോഗസ്ഥൻമാരെ കൂടാതെ, ജില്ലാ കളക്ടറൻമാരുടെ നേതൃത്വത്തിൽ ഈ പ്രസ്ഥാനം കൊണ്ടുപോകാമെന്നും തീരുമാനിച്ചു. ഇത് മന്ത്രിസഭയുടെ തീരുമാനമായിരുന്നില്ല.

(ബി) സേവിംഗ്സ് ഓഫീസറൻമാരുടെ തസ്തിക 28–11–69–ൽ നിർത്തലാക്കണമെന്ന ഉത്തരവ് ഭേദപ്പെടുത്തി, 28–2–70–വരെ തുടരുന്നതിന് തീരുമാനിച്ചു.

(സി) ഒൻപതു തസ്തികകളുടെ കാലാവധി 28–2–70 വരെ നീട്ടി. മലപ്പുറം ജില്ലയ്ക്ക് ഒരു പ്രത്യേക തസ്തിക 28–2–70 വരെ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. എന്നാൽ മലപ്പുറം ജില്ലയിൽ പുതിയ ഉദ്യോഗസ്ഥനെ നിയമിച്ചു.

Apprenticeship Act

* 95 [342] ശ്രീ. ജെ. കമാലിയാസ് മൊറായീസ്: തഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ;

(എ) 1961–ലെ അപ്രൻറീസ് ആക്ടിലെ എല്ലാ വ്യവസ്ഥകളും നടപ്പിൽവരുത്തുന്നതിനു ഗവൺമെൻറ് എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ഫാക്ടറികളിലും കമ്പനികളിലുമാണ് അപ്രൻറീസുകളെ എടുക്കുന്നത്?

(സി) എല്ലാ അപ്രൻറീസുകൾക്കും സ്റ്റൈപ്പൻറു കൊടുക്കുന്നുണ്ടോ

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ:)

(എ) അപ്രൻറീസ് ആക്ടിലെ വ്യവസ്ഥകൾ എല്ലാം തന്നെ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) അപ്രൻറീസുകളെ എടുക്കുന്ന കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കൊടുക്കുന്നുണ്ട്.

കോമൺഫെസിലിറ്റി സർവ്വീസ് സെൻറർ

* 96 [352] ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോമൺഫെസിലിറ്റി സർവ്വീസ് സെൻററുകൾ ഉണ്ട്;

(ബി) അതിൽ ഏതെങ്കിലും ടൂറിസ്റ്റ് ആൻറ് ഹാൻഡിക്രാഫ്റ്റ് കോർപ്പറേഷനെ ഏൽപ്പിച്ചുകൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഏത്; എന്തു വ്യവസ്ഥയിൽ;

(ഡി) മാന്നാർ സി. എഫ് എസ്. സി. യിൽ സ്കീമിനുവിരുദ്ധമായി അസംസ്കൃത സാധനങ്ങൾ വായ്പയായി തൊഴിലാളികൾക്ക് നൽകിയതിനാൽ വളരെ നഷ്ടമുണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുത്തരവാദികൾ ആരെന്നു അന്വേഷിച്ചുവോ; (എഫ്) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) 10 എണ്ണം.

(ബി, സി) ഇതിൽ ഒന്നും തന്നെ ടൂറിസ്റ്റു കോർപ്പറേഷനെ ഏൽപ്പിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി) അസംസ്കൃത സാധനങ്ങൾ വായ്പയായി നൽകിയതിൽ നഷ്ടം ഉണ്ടെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറ് അന്വേഷണം നടത്തിവരികയാണ്..

(ഇ, എഫ്) അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ഐ. ടി. ഐ. കോഴ്സ് പാസ്സായവർ

* 97 [353] ശ്രീ. ജെ. കമാലിയാസ് മൊറായീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കോഴ്സ് പാസ്സായവർക്ക് തൊഴിൽ കൊടുക്കുന്നതിനായി ഏതെങ്കിലും പദ്ധതി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഐ. ടി. ഐ. സെൻററുകൾ പ്രൊട്ടക്ഷൻ സെൻററുകളായി മാറുന്നതിന് ഏതെങ്കിലും പദ്ധതി ഗവൺമെൻറിനുണ്ടോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ:)

(എ) ഉണ്ട്.

(ബി) ഐ. ടി. ഐ. കോഴ്സ് പാസ്സായിട്ടുള്ളവർക്ക് തൊഴിൽ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ടി സ്ഥാപനങ്ങളിൽ ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.

(സി) മേൽപ്പറഞ്ഞ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTION AND ANSWER

പനമ്പു വ്യവസായം

* 44 [351] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പനമ്പു വ്യവസ്യം പുനർജ്ജീവിപ്പിക്കുന്നതിനെസംബന്ധിച്ച് ഗവൺമെൻറു നിയമിച്ച അന്വേഷണകമ്മിഷൻറെ റിപ്പോർട്ട് ഗവൺമെൻറിലേയ്ക്ക് ലഭിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly